ഒരു ബസ്സുപോലും പുതിയതായി കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടില്ല. അതുകൊണ്ട് അൽപ്പം ബുദ്ധിമുട്ട് കെ.എസ്.ആർ.ടി.സി.-ക്ക് വന്നിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് നെടുമങ്ങാട് ഡിപ്പോയിൽ മാത്രം എട്ടുലക്ഷത്തി നാൽപ്പത്താറായിരം രൂപ ചെലവ് ചെയ്ത് ഗ്യാരേജ് യാർഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാല് ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ ചെലവ് ചെയ്ത് ബസ്സ് സ്റ്റാൻഡ് ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുംപുറമേ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുന്നതിന് മൂന്നു ലക്ഷത്തി അമ്പത്തയ്യായിരം രൂപ അനുവദിച്ചു. ഇതിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മറ്റൊരു ഡിപ്പോയായ വെള്ളനാട്ട് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് മൂന്നുലക്ഷത്തി അമ്പത്തയ്യായിരം രൂപ അനുവദിച്ചു. ഇതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഗ്യാരേജ് യാർഡ് കോൺക്രീറ്റ് ചെയ്യുന്നതിന് മൂന്നുലക്ഷത്തി തൊണ്ണൂറ്റയ്യായിരം രൂപ അനുവദിച്ചു. ഇതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഗ്യാരേജിൽനിന്നും പുറത്തുപോകുന്ന റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് മൂന്നു ലക്ഷത്തി അമ്പതിനായിരം രൂപ അനുവദിച്ചു. അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. നെടുമങ്ങാട് നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഈ പറയുന്ന തരത്തിലുള്ള യാത്രാക്ലേശം ഇല്ലെങ്കിൽപ്പോലും ബഹുമാനപ്പെട്ട. മെമ്പർ ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ ഒരാഴ്ചയ്ക്കകം ബഹുമാനപ്പെട്ട മെമ്പറേയും കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥരേയുംകൂടി ഞാൻ തന്നെ ഒരുമിച്ച് വിളിച്ചുവരുത്തി അവിടത്തെ യാത്രാക്ലേശം ചർച്ച ചെയ്ത് ഷെഡ്യൂളുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ജലഗതാഗതം തടസ്സപ്പെടുകയും ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നതുമൂലം ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. തോമസ് ചാഴികാടൻ : സർ, കേരളം ധാരാളം നദികളും തോടുകളും തടാകങ്ങളുമുള്ള സംസ്ഥാനമാണ്. ജലയാത്ര ഉല്ലാസകരമായി നടത്തുന്നതിന് അനുയോജ്യമായ സംസ്ഥാനമായതുകൊണ്ടാണ് ലോകവിനോദസഞ്ചാര ഭൂപടത്തിൽ ദൈവത്തിന്റെ നാടാണ് കേരളമെന്ന് പറയാനുള്ള സാഹചര്യം ഉണ്ടായത്. ഈ സാഹചര്യത്തിൽ വളരെ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ, ലോകപ്രശസ്തമായ കുമരകം ടൂറിസ്റ്റ് കേന്ദ്രത്തിലും എന്റെ നിയോജക മണ്ഡലത്തിലെ ഐമനം, ആർപ്പൂക്കര, അതിരമ്പുഴ, നീണ്ടൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ ആറുകളിലും തോടുകളിലും പോളനിറഞ്ഞ് ജലഗതാഗതം ഏതാണ്ട് പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. പോളയും പായലും ചീഞ്ഞ് ആ പ്രദേശത്തെ തോടുകളും ജലാശയങ്ങളും മുഴുവനും മലിനമായിരിക്കുകയാണ്. ഇതുമൂലം അവിടെ ടൂറിസം പ്രവർത്തനം തടസ്സപ്പെടുന്ന രീതിയിൽ പകർച്ചവ്യാധി ഭീതിയുമുണ്ട്. അവിടെ ശുദ്ധജലം വള്ളത്തിലാണ് എത്തിച്ചുകൊണ്ടിരുന്നത്. ഇന്ന് അതിനുള്ള സാഹചര്യം ഇല്ലാതായിരിക്കുന്നു. ഏറ്റവും കൂടുതൽ പ്രശ്നം ഉണ്ടായിരിക്കുന്നത് മീനച്ചിലാറിന്റെ പ്രധാന കൈവഴികളായ കവണാർ, പെണ്ണാർ, കൈപ്പുഴ എന്നീ നദികൾ

LIBRARY ARCHIVES Kerala Legislative Assembly

കായലിൽ വന്നുചേരുന്ന ഭാഗത്ത് പോള നിറഞ്ഞ് യാതൊരുവിധത്തിലും ജലഗതാഗതം സാധ്യമല്ല എന്നുള്ളതാണ്. ഇത് പത്രങ്ങളിലൊക്കെ വാർത്തവന്നിട്ടുണ്ട്. വൈക്കം-മാന്നാനം ബോട്ടുസർവ്വീസ് നിർത്തിവച്ചിരിക്കുകയാണ്. കോട്ടയം-ആലപ്പുഴ ബോട്ട് സർവ്വീസ് നിർത്തലാക്കേണ്ട സാഹചര്യത്തിലേക്ക് പോകുകയാണ്. അത്രമാത്രം പോള നിറഞ്ഞിരിക്കുകയാണ്. ഇക്കാര്യങ്ങൾ ഞാൻ ബഹുമാനപ്പെട്ട ടൂറിസം മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. അദ്ദേഹം കോട്ടയം കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നതനുസരിച്ച് പത്ത് ലക്ഷം രൂപ ചെലവുവരുന്ന രീതിയിൽ അടിയന്തിരമായ നടപടി സ്വീകരിച്ചാൽ മാത്രമേ ഈ പോള നീക്കം ചെയ്യുന്നതിനും ആ പ്രദേശത്തെ ജനങ്ങളുടെ ദുരിതം അകറ്റുവാനും കഴിയുകയുള്ളൂ. ആണ്ടുതോറും ഈ പ്രതിഭാസം ഉണ്ടാകുന്നു. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ താഴുമ്പോൾ കായലിൽനിന്നും പോള അടിച്ച് തോട്ടിലേക്കു കയറി തോടുകൾ നിറഞ്ഞ് നിൽക്കുന്ന സാഹചര്യം ഉണ്ട്. ആണ്ടുതോറും ആളുകൾ കുറച്ച് പോള വാരിക്കളയാറുണ്ട്. ജപ്പാൻ ജ്വരവും ഡെങ്കിപ്പനിയും കൂടുതൽ ബാധിക്കുന്നത് പോള വാരുന്നവരെയാണ്. അതുകൊണ്ട് ശാസ്ത്രീയമായ എന്തെങ്കിലും സംവിധാനം ഉണ്ടാക്കുന്നതിനും പോള വീണ്ടും ജലാശയങ്ങളിൽ വരാതിരിക്കുന്നതിനുമുള്ള ഒരു പദ്ധതിക്ക് രൂപം നൽകണം. ഓരുവെള്ളം കടക്കാത്ത പാടശേഖരങ്ങളിലെ വെള്ളം പുറത്തേക്ക് പമ്പ് ചെയ്യുമ്പോൾ ചെറിയ പോളക്കഷണങ്ങൾ കിടക്കുകയും അത് പിന്നീട് വളർന്ന് വലിയ പ്രശ്നമായി തീരുകയുമാണുണ്ടാകുന്നത്. ഇതിന് ശാസ്ത്രീയമായ ഒരു സംവിധാനം ഉണ്ടാക്കണം. ഇപ്പോഴത്തെ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): മീനച്ചിലാറിന്റെ കൈവഴികളായ കവണാർ, പെണ്ണാർ, കൈപ്പുഴ എന്നീ നദികളിൽ പോളകൾ നിറഞ്ഞതുമൂലം ജലഗതാഗതം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണെന്ന് സർക്കാരിന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇത് വിനോദസഞ്ചാരമേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കുമരകത്തെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പ് ഒരു യോഗം വിളിച്ചുകൂട്ടി ഇക്കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്തു. പ്രധാനപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുതന്നെയാണ്. ഓരോ വർഷവും നീക്കം ചെയ്യുമ്പോഴും വീണ്ടും വന്നുകൊണ്ടിരിക്കുകയാണ്. ഇതിന് ശാശ്വത പരിഹാരം കാണാനുള്ള ടെക്നോളജി ഈ രംഗത്ത് അനിവാര്യമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതു മാത്രമല്ല, പല വകുപ്പുകൾകൂടി ഉൾപ്പെട്ടിട്ടുള്ളതായതുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയുമെന്ന് വന്നുകഴിഞ്ഞാൽ ആവശ്യമായ തുക നൽകുന്നതിന് വകുപ്പ് സന്നദ്ധമാണ്. വെറുതെ പൈസ കൊടുത്ത് വ്യർത്ഥമായിക്കഴിഞ്ഞാൽ വീണ്ടും വീണ്ടും ഇതാവർത്തിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകും. അത് പാടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി പദ്ധതി തയ്യാറാക്കി അത് വിജയപ്രദമാകുമെന്ന് ഉറപ്പ് വന്നാൽ അതിനാവശ്യമായ സഹായം വിനോദസഞ്ചാരവകുപ്പ് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly